REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 10-01-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- പാർലമെന്റ് ബജറ്റ് സമ്മേളനം ഈ മാസം 28 ന് ആരംഭിക്കുമെന്ന് പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു.
- ആഭ്യന്തര മന്ത്രി അമിത്ഷാ ഇന്ന് കേരളത്തിലെത്തും.
- കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സൗമൻസെൻ ഇന്ന് ചുമതലയേൽക്കും.
- ശബരിമല സ്വർണ്ണക്കൊള്ള കേസിൽ SIT അറസ്റ്റ് ചെയ്ത തന്ത്രി കണ്ഠരര് രാജീവരെ 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു.
- വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബെംഗലൂരു, മുംബൈ ഇന്ത്യൻസിനെ മൂന്ന് വിക്കറ്റിന് തോൽപ്പിച്ചു.

## വാർത്തകൾ വിശദമായി

പാർലമെന്റ് ബജറ്റ് സമ്മേളനം ഈ മാസം 28 ന് ആരംഭിച്ച് ഏപ്രിൽ രണ്ടു വരെ തുടരുമെന്ന് പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു അറിയിച്ചു. സഭാസമ്മേളനം വിളിച്ചു ചേർക്കാൻ രാഷ്ട്രപതി ദ്രൗപതി മുർമു അംഗീകാരം നൽകിയതായും മന്ത്രി പറഞ്ഞു.

ബജറ്റ് സമ്മേളനത്തിന്റെ ആദ്യഘട്ടം ഫെബ്രുവരി 13 ന് അവസാനിക്കും. മാർച്ച് ഒൻപതിന് രണ്ടാം ഘട്ടത്തിനായി പാർലമെന്റ് വീണ്ടും സമ്മേളിക്കുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു. അർത്ഥവത്തായ സംവാദത്തിനും, ജനകേന്ദ്രീകൃത ഭരണത്തിനും സുപ്രധാന ചുവടുവെപ്പായിരിക്കും സഭാ സമ്മേളനമെന്നും കിരൺ റിജിജു വ്യക്തമാക്കി.

✪✪✪

ഈ വർഷം മാർച്ച് 31 മുതൽ ദേശീയ തലത്തിൽ മയക്കു മരുന്ന് ബോധവൽകരണ പ്രചാരണം നടത്തുമെന്ന് ആഭ്യന്തര മന്ത്രി അമിത്ഷാ വ്യക്തമാക്കി. ന്യൂഡൽഹിയിൽ മയക്കുമരുന്നു വിരുദ്ധ ഉന്നതതല യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ഇക്കാര്യത്തിൽ ഇത് വരെ സ്തുത്യർഹമായ പ്രവർത്തനമാണ് നടന്നതെന്നും അടുത്ത മൂന്നു വർഷം കൊണ്ട് രാഷ്ട്രം സമ്പൂർണ മയക്കു മരുന്ന് വിമുക്തമാകുമെന്നും അമിത്ഷാ പറഞ്ഞു.

2014 നും 2015 നും ഇടയിലെ മയക്കു മരുന്ന് വേട്ടയിൽ ഒരു ലക്ഷത്തി 71,000 കോടി രൂപ വിലമതിക്കുന്ന ഒരു കോടി 11 ലക്ഷം കിലോ മയക്കു മരുന്ന് പിടിച്ചെടുത്തിട്ടുണ്ടെന്നും യോഗത്തിൽ അമിത്ഷാ വ്യക്തമാക്കി.

✪✪✪

ആഭ്യന്തര മന്ത്രി അമിത്ഷാ ഇന്ന് കേരളത്തിലെത്തും. നാളെ തിരുവനന്തപുരത്ത് BJP യോഗങ്ങളിലും, കേരള കൗമുദി കോൺക്ലേവിലും അദ്ദേഹം പങ്കെടുക്കും.

കേന്ദ്ര മന്ത്രിയുടെ സന്ദർശനത്തോട് അനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ രാത്രി ഏഴു മുതൽ 11.30 വരെയും നാളെ രാവിലെ ഏഴു മുതൽ വൈകീട്ട് ആറ് വരെയും ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി.

✪✪✪

വികസിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗ് 2026 ന്റെ രണ്ടാം പതിപ്പ് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ആരംഭിച്ചു. രാഷ്ട്ര നിർമ്മാണത്തിന് യുവാക്കളുടെ സജീവ പങ്കാളിത്തം ആവശ്യമാണെന്ന് സമ്മേളനത്തെ അഭിസംബോധന ചെയ്ത കേന്ദ്ര സഹമന്ത്രി രക്ഷ നിഖിൽ ഖഡ്സെ പറഞ്ഞു.

യുവാക്കളാണ് രാജ്യത്തിന്റെ യഥാർത്ഥ ശക്തി എന്ന സ്വാമി വിവേകാനന്ദന്റെ വിശ്വാസത്തെ അനുസ്മരിച്ച കേന്ദ്ര സഹമന്ത്രി, സംഘടിതരായാൽ യുവാക്കൾക്ക് അസാധ്യമായത് പോലും സാധ്യമാക്കാൻ കഴിയുമെന്ന് പറഞ്ഞു. രാജ്യത്തെ രണ്ട് കോടിയിലധികം യുവാക്കൾ ഇതിനകം പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 2,500-ഓളം യുവാക്കൾ നാലു ദിവസത്തെ പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്. വികസിത് ഭാരതവുമായി ബന്ധപ്പെട്ട ആശയങ്ങൾ, യുവാക്കൾ പ്രധാനമന്ത്രിയ്ക്ക് മുൻപിൽ പങ്കുവയ്ക്കും. ഉദ്ഘാടന ചടങ്ങിൽ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ പങ്കെടുക്കും. മറ്റന്നാൾ സമാപന സമ്മേളനത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിസംബോധന ചെയ്യും. കേരളത്തെ പ്രതിനിധീകരിച്ച് 60-ഓളം പേർ വികസിത് ഭാരത് യങ് ലീഡേഴ്സ് ഡയലോഗിന്റെ ഭാഗമാവും.

✪✪✪

**സദ്ഭരണവും സമയബന്ധിത പ്രശ്നപരിഹാരവും ലക്ഷ്യമിട്ട് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ ആരംഭിച്ച പ്രഗതി പദ്ധതിയുടെ 50 യോഗങ്ങൾ പൂർത്തിയാക്കി. 2015 ൽ പ്രധാനമന്ത്രി ആരംഭിച്ച പ്രഗതി, രാജ്യത്തെ ഭരണ രംഗത്ത് പുതിയ മാറ്റമാണ് കുറിച്ചത്.**

**ആകാശവാണി തയ്യാറാക്കിയ ഇന്നത്തെ പ്രത്യേക പരമ്പര പഞ്ചാബിലെ ദേശീയ പാതയിലെ ഫഗ്വാര - രൂപ്നഗർ നാലുവരി വികസനം സംബന്ധിച്ചാണ്.**

**....(വോയ്സ്).............**

**പഞ്ചാബിലെ ഫഗ്വാര - രൂപ്നഗർ ദേശീയപാതാ ഭാഗത്തിന്റെ നാലുവരി, ജലന്ധർ, ഫഗ്വാര വ്യാവസായിക ക്ലസ്റ്ററുകളെ ബന്ധിപ്പിക്കുന്ന പ്രധാന ഇടനാഴിയാണ്. 88 കിലോമീറ്ററിൽ, 2,574 കോടിയിലധികം രൂപ ചെലവിട്ട പദ്ധതി, അമൃത്സറിനും ചണ്ഡീഗഢിനും ഇടയിൽ ഏറ്റവും ദൂരം കുറഞ്ഞ പാതയാണ്.**

**ഭൂമി ഏറ്റെടുക്കലും നഷ്ടപരിഹാര വിതരണവും ഉൾപ്പടെ കാര്യമായ നിർവ്വഹണ വെല്ലുവിളികൾ പദ്ധതിക്ക് നേരിടേണ്ടി വന്നു. 2018 ഓഗസ്റ്റിൽ പ്രഗതി അവലോകന യോഗത്തിൽ, പ്രധാന തടസ്സങ്ങൾ പരിഹരിക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി സമയബന്ധിത നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ബാക്കി ഭൂമി എത്രയും വേഗം ഏറ്റെടുത്ത് കൈമാറാൻ പഞ്ചാബ് ഗവൺമെന്റിനോട് നിർദ്ദേശിച്ചു. പദ്ധതി 100 ശതമാനം പുരോഗതി കൈവരിക്കുകയും 2021 ജൂൺ 26 ന് വിജയകരമായി കമ്മീഷൻ ചെയ്യുകയും ചെയ്തു. യാത്രാ സമയവും ഇന്ധന ചെലവു കുറയ്ക്കാനും യാത്രക്കാർക്കും ഹെവി കൊമേഴ്സ്യൽ വാഹനങ്ങൾക്കും സുരക്ഷ മെച്ചപ്പെടുത്താനുമാണ് ഇടനാഴി വിഭാവനം ചെയ്തത്.**

✪✪✪

**കോഴിക്കോട് റെയിൽവേ സ്റ്റേഷന്റെ നവീകരണം അടുത്തവർഷം ഓഗസ്റ്റിൽ പൂർത്തിയാകുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി അറിയിച്ചു. റെയിൽവേ സ്റ്റേഷന്റെ നവീകരണ പ്രവൃത്തികൾ വിലയിരുത്തിയതിനു ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. പൈലിങ്ങ് ഉൾപ്പെടെ ബുദ്ധിമുട്ടേറിയ ജോലികളെല്ലാം പൂർത്തിയായിട്ടുണ്ട്. പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാന ഗവൺമെന്റ് ആവശ്യമായ സ്ഥലം ഏറ്റെടുത്തു നൽകുകയാണെങ്കിൽ പാത വികസിപ്പിച്ച് വന്ദേഭാരത് ഉൾപ്പെടെ അതിവേഗ ട്രെയിനുകൾ കൂടുതൽ സർവീസ് നടത്താനാവുമെന്നും സുരേഷ് ഗോപി അറിയിച്ചു. ഇക്കാര്യം റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് പാർലമെന്റിൽ അറിയിച്ചതാണെന്നും അദ്ദേഹം വ്യക്തമാക്കി.**

തൃശൂർ - ഗുരുവായൂർ ലൈൻ കുറ്റിപ്പുറം - തിരൂർ വരെ നീട്ടാൻ ശ്രമിക്കുമെന്നും സുരേഷ്ഗോപി പറഞ്ഞു.

✪✪✪

കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സൗമൻസെൻ ഇന്ന് ചുമതലയേൽക്കും. ജസ്റ്റിസ് നിതിൻ ജാംദാർ വിരമിക്കുന്ന ഒഴിവിലാണ് നിയമനം.

സുപ്രീംകോടതി കൊളീജിയം നൽകിയ ശുപാർശ അംഗീകരിച്ച് കേന്ദ്ര ഗവൺമെൻറ് ഉത്തരവിറക്കിയതോടെയാണ് സൗമെൻ സെൻ കേരള ഹൈക്കോടതിയുടെ തലപ്പത്ത് എത്തുന്നത്. ഡിസംബർ 18 നാണ് ജസ്റ്റിസ് സൗമെൻ സെന്നിനെ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് ആക്കാൻ സുപ്രീംകോടതി കൊളീജിയം ശുപാർശ ചെയ്തത്. അടുത്തവർഷം ജൂലൈ 27 വരെ സൗമൻസെൻ ചീഫ് ജസ്റ്റിസായി തുടരും.

✪✪✪

നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാനും പൊതുവിപണിയിൽ ഇടപെടാനും സിവിൽ സപ്ലൈസ് കോർപ്പറേഷന് കഴിഞ്ഞിട്ടുണ്ടെന്ന് മന്ത്രി GR അനിൽ പറഞ്ഞു.

എല്ലാ റേഷൻ കാർഡ് ഉടമകൾക്കും വേർതിരിവില്ലാതെ സേവനം ലഭ്യമാക്കാൻ സാധിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. കണ്ണൂർ വേങ്ങാട്ടെ മാവേലിസ്റ്റോർ സൂപ്പർമാർക്കറ്റാക്കി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ശബരിമല സ്വർണ്ണക്കൊള്ള കേസിൽ പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്ത തന്ത്രി കണ്ഠരര് രാജീവരെ കൊല്ലം വിജിലൻസ് കോടതി 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു. ജാമ്യാപേക്ഷ ഈ മാസം 13 ന് പരിഗണിക്കും. തന്ത്രിയെ തിരുവനന്തപുരം സ്പെഷ്യൽ സബ്ജയിലിലേക്ക് കൊണ്ടുപോയി.

✪✪✪

ശബരിമല സ്വർണ്ണക്കൊള്ളയിൽ ചർച്ച ചെയ്ത പേരുകളിലേക്ക് അന്വേഷണം ഇനിയും കടന്നിട്ടില്ലെന്നും, കുറ്റമറ്റ അന്വേഷണം നടത്തണമെന്നും AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ ആവശ്യപ്പെട്ടു. ശബരിമല സ്വർണ്ണക്കൊള്ളയിൽ പങ്കാളികരായവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്നും വേണുഗോപാൽ വടകരയിൽ പറഞ്ഞു.

✪✪✪

53-ാമത് ലോക പുസ്തകമേളയ്ക്ക് ന്യൂഡൽഹി ഭാരത് മണ്ഡപത്തിൽ ഇന്ന് തുടക്കമാകും. ഒൻപത് ദിവസത്തെ മേളയിൽ 35 ലധികം രാജ്യങ്ങളെ

പ്രതിനിധീകരിച്ച് ആയിരത്തിലധികം പ്രസാധകർ പങ്കെടുക്കുന്ന മേള കേന്ദ്രമന്ത്രി ധർമ്മേന്ദ്ര പ്രധാൻ ഉദ്ഘാടനം ചെയ്യും. ഇന്ത്യൻ സൈനിക ചരിത്രം 'വീര്യവും ജ്ഞാനവും @ 75 ' എന്നതാണ് മേളയുടെ പ്രമേയം.

✪✪✪

തിരുവനന്തപുരത്ത് നിയമസഭാ പുസ്തകോൽസവത്തോട് അനുബന്ധിച്ച് രാവിലെ വിവിധ വിഷയങ്ങളിൽ ചർച്ചകൾക്ക് തുടക്കമാകും. വൈകിട്ട് കലാ പരിപാടികളുമുണ്ടാകും.

തിരുവനന്തപുരത്ത് നിന്ന് ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി....

......(വോയ്സ് )......

✪✪✪

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് നാലാം സീസണിന്റെ ഉദ്ഘാടന മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബെംഗലൂരു, മുംബൈ ഇന്ത്യൻസിനെ മൂന്ന് വിക്കറ്റിന് പരാജയപ്പെടുത്തി.

നവി മുംബൈയിൽ, ആദ്യം ബാറ്റ് ചെയ്ത മുംബൈ ഇന്ത്യൻസ് 20 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 154 റൺസെടുത്തു. റോയൽ ചലഞ്ചേഴ്സ് ബെംഗലൂരു 20 ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 157 റൺസ് നേടി ലക്ഷ്യം കണ്ടു.

✪✪✪

VIP- പ്രവാസി വോട്ടർമാർക്ക് നേരിട്ട് ഹിയറിംഗിന് ഹാജരാകാതെ തന്നെ രേഖകൾ സമർപ്പിച്ച് വെരിഫിക്കേഷൻ പ്രക്രിയ പൂർത്തിയാക്കാൻ സാധിക്കുന്ന സംവിധാനം പ്രവർത്തനക്ഷമമായതായി മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ ഡോ രത്തൻ U കേൽക്കർ അറിയിച്ചു. SIR മായി ബന്ധപ്പെട്ട് പ്രവാസികളുടെ ആശങ്കകൾ പരിഹരിക്കാൻ വിളിച്ചുചേർത്ത പ്രവാസി സംഘടനകളുടെ ഓൺലൈൻ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നൂറിലധികം പ്രതിനിധികൾ പങ്കെടുത്തു.

ഫോം 6A സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ എന്തെങ്കിലും സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ നടപടി ഉടൻ സ്വീകരിക്കുമെന്നും രത്തൻ U കേൽക്കർ അറിയിച്ചു.

✪✪✪

ഹിമാചൽ പ്രദേശിലെ സിറമോർ ജില്ലയിൽ ബസ്സ് കൊക്കയിലേക്ക് മറിഞ്ഞ് 14 പേർ മരിച്ചു. നിരവധി പേർക്ക് പരിക്കേറ്റു. 66 പേർ ബസ്സിൽ ഉണ്ടായിരുന്നു.

✪✪✪

ഗുരുവായൂർ ദേവസ്വത്തിലെ നിയമനങ്ങളിൽ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ അധികാരം ഹൈക്കോടതി റദ്ദാക്കി. ഡിവിഷൻ ബെഞ്ചിന്റേതാണ് നടപടി. നിയമനത്തിന് അധികാരം ദേവസ്വം മാനേജ്മെന്റ് കമ്മിറ്റിക്കാണെന്ന് ഡിവിഷൻ ബെഞ്ച് അറിയിച്ചു. നിയമനത്തിന് പുറപ്പെടുവിച്ച നിലവിലെ വിജ്ഞാപനങ്ങൾ കോടതി റദ്ദാക്കുകയും, സുതാര്യത ഉറപ്പാക്കാൻ മൂന്നംഗ മേൽനോട്ട സമിതിയെ ചുമതലപ്പെടുത്തുകയും ചെയ്തു.

✪✪✪

PSC യെ നോക്കുകുത്തിയാക്കി, യോഗ്യത പരിഗണിക്കാതെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ സംസ്ഥാന ഗവൺമെന്റ് നടത്തുന്ന നീക്കം യുവജനങ്ങളോട് കാണിക്കുന്ന വെല്ലുവിളിയാണെന്ന് യുവമോർച്ച സംസ്ഥാന ജനറൽ സെക്രട്ടറി വരുൺ പ്രസാദ് ആരോപിച്ചു.

✪✪✪

---

*News Editor & News Reader: : വി കെ സുരേഷ്*
*NRTs: അനുഷ ആത്മപ്രകാശ്, മണികണ്ഠൻ*
*DEO : ഷീബ*